ഉത്തരം

പ്രസ്തുത റോഡ് വീതി കൂട്ടി പുനരുദ്ധരിക്കുന്നതിന് 58 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്.

കണ്ണാടിക്കൽ-തടമ്പാട്ട് താഴം റോഡിന്റെ വികസന പ്രവർത്തനങ്ങൾ

145 [2216] ശ്രീ. എ. സുജനപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണാടിക്കൽ-തടമ്പാട്ട് താഴം റോഡിന്റെ വികസനത്തിനായി എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) കോഴിക്കോട് കോർപ്പറേഷൻ അക്വിസിഷൻ നടപടികൾ പൂർത്തീകരിച്ച് പി.ഡബ്ല്യു.ഡി. ക്ക് സ്ഥലം കൈമാറിയിട്ടുണ്ടോ; എങ്കിൽ എന്നാണ്;

(സി) വീതി കൂട്ടാനുള്ള പ്ലാനും, എസ്റ്റിമേറ്റും തയ്യാറാക്കിയിട്ടുണ്ടോ;

(ഡി) എങ്കിൽ പ്രസ്തുത പണി എന്ന് ആരംഭിക്കുമെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) റോഡ് വികസനത്തിനായി 61 ലക്ഷം രൂപ അടങ്കൽ വരുന്ന എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്.

(ബി) ഇല്ല.

(സി) ഉണ്ട്.

(ഡി) ഭരണാനുമതിയും പ്രത്യേകാനുമതിയും ലഭ്യമാകുന്ന മുറയ്ക്ക് പണി ആരംഭിക്കുന്നതാണ്.

കെ. എസ്. ടി. പി. പ്രകാരമുള്ള തൃശ്ശൂർ ജില്ലയിലെ റോഡുകൾ

146 [2217] ശ്രീ. എ. സി. മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.

(എ) കേരളാ സ്റ്റേറ്റ് ട്രാൻസ്പോർട്ട് പ്രോജക്ടിൽ (കെ.എസ്.ടി.പി.) തൃശ്ശൂർ ജില്ലയിലെ ഏതെല്ലാം റോഡുകളുടെ പണിയാണ് ഇപ്പോൾ നടത്തുന്നത് എന്ന് വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly